പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6470 21/11/2019 ലെ മറുപടി

## വികസിത രാജ്യങ്ങളിലെ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും നേടുന്നതിനുള്ള തന്ത്രം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.രാജു എബ്രഹാം**<br>**,, ഒ. ആർ. കേളു**<br>**,, കെ. ബാബു**<br>**,, ആന്റണി ജോൺ** | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വികസിത രാജ്യങ്ങളിലെ സമാനപ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും സംസ്ഥാനത്തെ വിദ്യാർത്ഥികളും നേടുന്നുവെന്ന് ഉറപ്പാക്കുന്നതിനു ആവിഷ്കരിച്ചിട്ടുള്ള തന്ത്രം അറിയിക്കാമോ; | (എ) വികസിത രാജ്യങ്ങളിലെ സമപ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും ശേഷികളും സംസ്ഥാനത്തിലെ വിദ്യാർത്ഥികളും നേടണം എന്ന ലക്ഷ്യം കൂടി കണ്ടു കൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായി വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം പഠന ബോധന നിലവാരം ഉയർത്തുതിനാവശ്യമായ കർമ്മ പരിപാടികളും സമയബന്ധിതമായി നടപ്പാക്കിവരുന്നു. ഇതിനായി പൊതുജന പങ്കാളിത്തത്തോടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മറ്റു സർക്കാർ വകുപ്പുകളേയും യോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (ബി) അന്വേഷണാത്മക പഠനരീതിയിൽ വായനശാലകൾക്ക് ലബോറട്ടറിക്കുള്ള സമമായ പ്രാധാന്യം വിദ്യാർത്ഥികൾക്ക് അനുഭവവേദ്യം ആക്കാൻ സാധിച്ചിട്ടുണ്ടോ; സർഗ്ഗശേഷിക്കുള്ള അംഗീകാരം എന്ന നിലയിൽ നൽകി വരുന്ന ഗ്രേസ് മാർക്ക് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പകരം ഏതു തരത്തിലുള്ള പ്രോത്സാഹനമാണു ദ്ദേശിക്കുന്നത്; | (ബി) പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ വായനശാലകളുടെ (ലൈബ്രറി) പ്രവർത്തനം ശാസ്ത്രീയമായി മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഗ്രേസ് മാർക്ക് നിർത്തലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശനം നേടുന്നതിനും അവർ ഹയർസെക്കണ്ടറി തലം പൂർത്തിയാക്കുന്നതുവരെ സാമ്പത്തിക, സാമൂഹിക, കുടുംബപരമായ കാരണങ്ങളാൽ കൊഴിഞ്ഞുപോകുന്നില്ലെന്ന് ഉറപ്പുവരുത്താനുമുള്ള പരിപാടിയെ കുറിച്ച് അറിയിക്കാമോ; പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഉചിതമായ പിന്തുണയും പ്രോത്സാഹനവും നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) 8-ാം തരം വരെ എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങൾ സൗജന്യമായി നൽകൽ, സമഗ്ര ശിക്ഷാ പദ്ധതിയുടെ ഭാഗമായി എട്ടാംതരം വരെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ ഒഴികെയുള്ള ആൺകുട്ടികൾക്കും സൗജന്യ യൂണിഫോം നൽകുന്നു. ഇതര സംസ്ഥാനതൊഴിലാളികളുടെ കുട്ടികൾക്കും മലയോരപ്രദേശത്തെ ഗോത്രഭാഷകൾ സംസാരിക്കുന്ന കുട്ടികൾക്കുമായി അവരുടെ മാതൃഭാഷയിൽ മൊഡ്യൂൾ തയാറാക്കി വരുന്നു. സ്കൂളുകളിൽ എത്തിച്ചേരുന്നതിന് പ്രയാസമുള്ള കുട്ടികൾക്ക് ട്രാൻസ്പോർട്ട് |

എസ്കോർട്ട് സഹായം ഓരോ കുട്ടിക്കും 600/- രൂപ വീതം നൽകി വരുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അവർക്ക് ആവശ്യമായ അക്കാദമിക പിന്തുണ റിസോഴ്സ് അധ്യാപകരുടെ സേവനത്തിലൂടെ ഉറപ്പ് വരുത്തുന്നു. ഭിന്നശേഷിയുള്ള കുട്ടികൾക്ക് മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തുന്ന സഹായ ഉപകരണങ്ങൾ നല്കുന്നു.

സെക്ഷൻ ഓഫീസർ